# കോവിഡ് 19 ഡോക്ക്മെന്റേഷൻ

# ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്

## ആമുഖം

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ഇളംദേശം ബ്ലോക്കിലുള്ള ഒരു ഗ്രാമഞ്ചായത്താണ് ഉടുമ്പന്നൂർ. ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിൽ 16 വാർഡുകൾ ഉണ്ട്. തൊടുപുഴയിൽ നിന്നും 16 കി മീറ്റർ ദൂരെയാണ് ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്. ഇടുക്കി ജില്ലയിലെ ഒരു വലിയ പഞ്ചായത്താണ് ഉടുമ്പന്നൂർ. ഇടുക്കി ജില്ലയുടെ ഭൂരിഭാഗം നിബിഡ വനപ്രദേശങ്ങളും ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.

ഉല്ലാസ കേന്ദ്രങ്ങളായ ചെറുതേൻമാരികുന്ന്, വേളൂർ വനം, വേളൂർപുഴ, കീഴാർകുത്ത് വെള്ളചാട്ടം എന്നിവ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. ഉടുമ്പന്നൂർ ഒരു കാർഷിക ഗ്രാമമാണ്. ഇവിടുത്തെ പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പെരിങ്ങാശേരി ഗവ. ഹൈസ്കൂൾ , തട്ടക്കുഴ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, മങ്കുഴി സെന്റ് ജോർജ്ജ് ഹൈസ്കൂൾ എന്നിവയാണ്. ഇവ കൂടാതെ പരിയാരം, അമയപ്ര, പാറേകവല, ഏഴാനികൂട്ടം എന്നിവിടങ്ങളിൽ എൽ. പി സ്കൂളുകളും ഉണ്ട്.

നെല്ല്, തെങ്ങ്, റബ്ബർ, കവുങ്ങ്, കപ്പ, വാഴ, എന്നിവയാണ് ഇവിടുത്തെ പ്രാധാന കൃഷികൾ. പുതിയതായി ധാരാളം മത്സ്യവളർത്തൽ സംരഭങ്ങളും ഇവിടെ ആരംഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | ഉടുമ്പന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | - | ഇളംദേശം |
| താലൂക്ക് | - | തൊടുപുഴ |
| ജില്ല | - | ഇടുക്കി |
| വിസ്തീർണ്ണം | - | 87 ച.ക.മീ |
| ജനസംഖ്യ | - | 23859 |
| സ്ത്രീകൾ | - | 12030 |
| പുരുഷൻമാർച്ച് | - | 11829 |
| വാർഡുകളുടെ എണ്ണം | - | 16 |
| ആകെ വീടുകൾ | - | 7014 |
| ആകെ കുടുംബങ്ങൾ | - | 7218 |
| ആൺകുട്ടികൾ | - | 1366 |
| ആകെ അയൽകൂട്ടം | - | 273 |
| ജെ എൽ ജി | - | 58 |
| എം ഇ യൂണിറ്റുകൾ | - | 38 |

# കോവിഡ് കാലത്ത് CDS ന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

## ശുചിത്വകേരളം

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഘട്ടം ഘട്ടമായി സമ്പൂർണ്ണ ശുചിത്വ പദവി നേടുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണ് ശുചിത്വകേരളം.. ഇതിന്റെ ഭാഗമായി ഉടുമ്പന്നൂർ പഞ്ചായത്തിലെ എല്ലാ വാർഡിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഹെൽത്ത് സ്റ്റാഫ്, ആശ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ഇതിനു നേതൃത്വം കൊടുത്തു വരുന്നു. കിണറുകളുടെ ശുചീകരണ പ്രവർത്തനവും ഇതോടൊപ്പം നടത്തി.

### നിലവിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1. ജൈവമാലിന്യങ്ങൾ വീട്ടിലോ സമീപത്തോ സംസ്കരിക്കണം
2. നിലവിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കണം.
3. എല്ലാ ഓഫീസുകളും സ്ഥാപനങ്ങളും ശുചീകരിക്കണം.
4. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണം
5. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തോടു ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം





## കാർഷിക പ്രവർത്തനങ്ങൾ

കൃഷി സംബന്ധമായ എല്ലാ നിർദ്ദേശങ്ങളും വനിത കർഷകരിലേക്ക് എത്തിക്കുന്നതിനുവേണ്ടി പ്രത്യേക ഗ്രൂപ്പുകൾ രൂപികരിച്ചു. കിഴങ്ങുകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് പച്ചക്കറികൃഷിനാട്ടറിവുകൾ എന്ന വാട്ട്സാപ്പ് ഗ്രൂപ്പിലൂടെ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ അറിവുകളും അനുഭവങ്ങളും പരസ്പരം പങ്കുവയ്ക്കുകയും കൃഷിയുടെ ഫോട്ടോസ് ഷെയർ ചെയ്യുകയും ചെയ്യുന്നു.

## അടുക്കളതോട്ടം

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വിഷരഹിത പച്ചക്കറി ഉൽപാദനം ഉറപ്പുവരുത്തുന്നതിനും ഉടുമ്പന്നൂർ പഞ്ചായത്തിൽ ജൈവപച്ചക്കറി കൃഷിരീതി പ്രോത്സാഹിപ്പിച്ചു വരുന്നു. കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന ജെ. എൽ. ജി ഗ്രൂപ്പുകൾ, കുടുംബശ്രീ അംഗങ്ങളുടെ അടുക്കളത്തോട്ടങ്ങൾ എന്നിവയിലൂടെ എല്ലാം കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

### നിലവിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

കൃഷി വകുപ്പിന്റെ സ്കീമുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ, കുടുംബശ്രീ ജെ. എൽ. ജി സംരംഭങ്ങൾ, സഹകരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും നടപ്പിലാക്കുന്ന പ്രോഗ്രാമുകൾ ഇവയെല്ലാം പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. കൃഷിഭവനും കുടംബശ്രീയുമായിചേർന്ന് തരിശുഭൂമി കണ്ടെത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയാണ്. മഴമര സംവിധാനം ഉടുമ്പന്നൂർ പഞ്ചായത്തിൽ കൂടുതലായി നടപ്പിലാക്കുന്നതിനും ആലോചിക്കുന്നു.







## പാലിയേറ്റിവ് പരിചരണം

രോഗപ്രതിരോധ പ്രവർത്തനങ്ങളിലും രോഗങ്ങൾ മോണിറ്റർ ചെയ്യുന്നതിലും ഉടുമ്പന്നൂർ പഞ്ചായത്ത് മുൻപന്തിയിലാണ്. ഓരോ തദ്ദേശഭരണസ്ഥാപന പ്രദേശത്തേയും പൊതുജനാരോഗ്യ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ കൊണ്ടാണ് ഇത് സാധ്യമാകുന്നത്. ആശവർക്കർമാർ, ഹെൽത്ത് സ്റ്റാഫ് എന്നിവർ എല്ലാ വാർഡിലും പോവുകയും രോഗികൾക്ക് വേണ്ട ശുശ്രൂഷകൾ നൽകി വരികയും ചെയ്യുന്നു.

പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും എല്ലായിടത്തും ഫലപ്രദമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

### ആശ്രയപദ്ധതി

ഉടുമ്പന്നൂർ പഞ്ചായത്തും കുടുംബശ്രീയും സംയുക്തമായി നടപ്പാക്കുന്ന ആശ്രയ-അഗതിരഹിത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 182 കുടുംബങ്ങൾക്ക് എല്ലാ മാസവും കിറ്റ് നൽകി വരുന്നു. ഈ കൊറോണ കാലഘട്ടത്തിൽ ആശ്രയ കിറ്റ് അവരവരുടെ വീടുകളിൽ എത്തിച്ചു കൊടുക്കാൻ സാധിച്ചു.

## **N P N S കിറ്റ് പാക്കിംഗ്**

ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിൽ **NPNS** റേഷൻകാർഡ് ഉടമകൾക്ക് കിറ്റ് പാക്കിംഗ് നടത്തുന്നതിന് 20 പേരുടെ യൂണിറ്റുകളായി കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു.



Submitted by


Ajmi Shafi

Block Co-Ordinator

Elemdesam

Ph: 9605309035